(ബി) തൊഴിലാളികൾക്ക് ശമ്പളം നൽകുന്ന ദിവസങ്ങളിൽ ഇത്തരം ആക്രമണങ്ങൾ സ്ഥിരമായി നടക്കുന്നുണ്ടെന്ന പരാതിയെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) അന്യസംസ്ഥാനക്കാരായ തൊഴിലാളികളെ തൊഴിലുടമകളും ഏജന്റുമാരും ചൂഷണം ചെയ്യുകയും പീഡിപ്പിക്കുകയുമാണെന്നും ഗുണ്ടാ, മുഖംമൂടി ആക്രമണങ്ങൾ മിക്കതും ഇവരുടെകൂടി ഒത്താശയിലാണെന്നുമുള്ള പരാതിയെക്കുറിച്ചന്വേഷിച്ചിട്ടുണ്ടോ ;

(ഡി) അന്തർസംസ്ഥാന കുറ്റവാളികൾ തൊഴിലാളി ക്യാമ്പുകളിൽ നുഴഞ്ഞുകയറി, സംസ്ഥാനത്ത് കൊള്ളയും, മോഷണവും നടത്തുന്നതായ പരാതികൾ ശ്രദ്ധിച്ചിട്ടുണ്ടോ ; എങ്കിൽ എന്തുനടപടി സ്വീകരിച്ചു ;

(ഇ) യഥാർത്ഥ തൊഴിലാളികൾക്ക് സുരക്ഷിതമായി തൊഴിലെടുത്ത് ജീവിക്കാനുള്ള അവസരമൊരുക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും പുതുതായി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചില അക്രമസംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) ഇത്തരം പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇല്ല.

(ഇ) യഥാർത്ഥ തൊഴിലാളികൾക്ക് സുരക്ഷിതമായി താമസ സൗകര്യ മൊരുക്കുന്നതിനും അവർക്ക് എന്തെങ്കിലും സുരക്ഷാ പ്രശ്നങ്ങൾ ഉള്ള പക്ഷം ആ വിവരം പോലീസിനെ അറിയിച്ച് വേണ്ട നിയമ പരിരക്ഷ ഉറപ്പാക്കുന്ന തിനുവേണ്ട നടപടികൾ സ്വീകരിക്കാൻ തൊഴിലുടമകളോടും കോൺട്രാക്ടർമാരോടും പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ട്.

റാഗിംഗ് നിരോധന നിയമത്തിലെ ന്യൂനതകൾ

15 (1479) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള റാഗിങ് നിരോധന നിയമപ്രകാരം കേസ് രജിസ്റ്റർ ചെയ്യുന്നതിന്റെ നടപടിക്രമങ്ങൾ വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ നിയമപ്രകാരം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു എന്നതിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ;

(സി) നിലവിലുള്ള റാഗിങ് നിരോധന നിയമത്തിൽ അപാകതകൾ ഉള്ളതായുള്ള ഹൈക്കോടതി പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എന്തൊക്കെ ന്യൂനതകളാണ് ഹൈക്കോടതി ചൂണ്ടിക്കാണിച്ചതെന്ന് വിശദമാക്കുമോ ;

(ഇ) ഈ ന്യൂനതകൾ പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മേലധികാരിയുടെ പരാതിയുടെയോ റാംഗിംഗിനിരയായ വിദ്യാർത്ഥിയുടെയോ രക്ഷാകർത്താവിന്റെയോ പരാതി ലഭിക്കുന്നതിന്റെയോ അടിസ്ഥാനത്തിലാണ് കേസ് രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചുവരുന്നത്.

(ബി) 128 കേസ്സുകൾ. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഉണ്ട്.

(ഡി & ഇ) Crl. M.C.No. 4222/2010(c) പരിഗണിക്കുന്ന വേളയിൽ ബഹുമാനപ്പെട്ട ഹൈക്കോടതി, കേരള റാഗിംഗ് നിരോധന ആക്ട്, 1998-ലെ 4-ാം വകുപ്പ് പ്രകാരമുള്ള കുറ്റത്തിന് 'കൊഗ്നൈസബിൾ കുറ്റം' ആയി മാറ്റുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് സർക്കാരിനോട് നിർദ്ദേശിക്കുകയുണ്ടായി. അതനുസരിച്ച് പ്രസ്തുത വകുപ്പ് പ്രകാരമുള്ള "കൊഗ്നൈസബിൾ" കുറ്റവും, ജാമ്യം അനുവദിക്കേണ്ടതല്ലാത്ത കുറ്റവും ആക്കുന്നതിന് ആവശ്യമായ നിയമ നിർമ്മാണം നടത്തുന്നകാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

സൈബർ ഫോറൻസിക് ആന്റ് ഡിജിറ്റൽ അനാലിസിസ് സെല്ലിന്റെ പ്രവർത്തനം

16 (1480) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റാന്വേഷണം ശാസ്ത്രീയമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് പ്രവർത്തനമാരംഭിച്ച ഫോറൻസിക് ആന്റ് ഡിജിറ്റൽ അനാലിസിസ് സെൽ പ്രസ്തുത രംഗത്ത് എന്തൊക്കെ സേവനങ്ങളാണ് ലഭ്യമാക്കുന്നത് ;

(ബി) പ്രസ്തുത സെല്ലിന്റെ പ്രവർത്തനത്തിനായി കേന്ദ്ര ഐ. ടി. വകുപ്പ് എന്തൊക്കെ സാമ്പത്തിക സാങ്കേതിക സഹായങ്ങളാണ് ഇതുവരെ ലഭ്യമാക്കിയിട്ടുള്ളത് ;

(സി) പ്രസ്തുത കേന്ദ്രം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും കൂടുതൽ കേന്ദ്ര ഏജൻസികളുടെ സഹായം നേടുന്നതിനും എന്തൊക്കെ പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly